**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2424** **27-10-2026-ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം സോളാർ സിറ്റി പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സുധീർഷാ പാലോട്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** കേരള സർക്കാർ സ്ഥാപനമായ അനർട്ടിന്റെ (എ.എൻ.ഇ.ആർ.ടി ) ഏകോപന/നടപ്പാക്കൽ മേൽനോട്ടത്തിൽ ആരംഭിച്ച തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിയുടെ നിലവിലെ സ്ഥിതിയും ഇതുവരെ കൈവരിച്ച പുരോഗതിയും വ്യക്തമാക്കാമോ;

**മറുപടി:** കേരള സർക്കാർ സ്ഥാപനമായ അനെർട്ടിന്റെ ഏകോപന/നടപ്പാക്കൽ മേൽ നോട്ടത്തിൽ ആരംഭിച്ച തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരപരിധിയിൽ 13 പബ്ലിക് ഇ.വി. ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു കഴിഞ്ഞു. അതിൽ 4 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചത് ഇലക്ട്രിക് ബസുകൾ ചാർജ് ചെയ്യുന്നതിനുള്ള സംവിധാനത്തോട് കൂടി KSRTC ബസ് സ്റ്റാന്റുകളിലാണ്. ബാക്കി 9 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചത് വിവിധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലാണ്. ഒരേ സമയം 3 കാറുകൾ ചാർജ് ചെയ്യാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരസഭാ പരിധിയിൽ നടപ്പിലാക്കി പൂർത്തീകരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സ്മാർട്ട് സിറ്റി ഫണ്ട് ഉപയോഗിച്ചു 514 സർക്കാർ കെട്ടിടങ്ങളിലായി 17 മെഗാ വാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു.
2. കേന്ദ്ര സർക്കാർ സബ്സിഡിയോടുകൂടി 86 വീടുകളിലായി ആകെ 339 kWp ശേഷിയുള്ള സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു.
3. നഗരസഭാ പരിധിയിലെ വിവിധ ഇടങ്ങളിലായി 18 സൗരോർജ തെരുവ് വിളക്കുകൾ സ്ഥാപിച്ചു.
4. റീജിയണൽ ക്യാൻസർ സെന്ററിൽ വാക്സിനുകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി സൗരോർജ അധിഷ്ഠിത ശീതീകരണ സംവിധാനം സ്ഥാപിച്ചു.
5. ആനയറ വേൾഡ് മാർകെറ്റിൽ പഴം/പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി സൗരോർജ അധിഷ്ഠിത ശീതീകരണ സംവിധാനം സ്ഥാപിച്ചു.

**(ബി)** തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിയുടെ ആകെ അടങ്കൽ തുക എത്രയാണ്; പദ്ധതിക്ക് സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ്, തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയിൽനിന്ന് ലഭ്യമാക്കിയതോ ലഭ്യമാക്കാൻ തീരുമാനിച്ചതോ ആയ ധനസഹായത്തിന്റെ ഉറവിടവും തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ;

**മറുപടി:** തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച 13 എണ്ണം പബ്ലിക് ഇ.വി. ചാർജിംഗ് സ്റ്റേഷനുകളുടെ ആകെ അടങ്കൽ തുക 11.50 കോടി രൂപയാണ്. ഈ പദ്ധതിയ്ക്ക് മുഴുവൻ ഫണ്ടും ലഭ്യമാക്കിയത് സ്മാർട്ട് സിറ്റി ട്രിവാൻഡ്രം ലിമിറ്റഡ് (SCTL) ആണ്. മറ്റ് ഏജൻസികളിൽ നിന്ന് ധനസഹായം അനെർട്ടിന് ലഭിച്ചിട്ടില്ല.

**(സി)** മേൽപ്പറഞ്ഞ പദ്ധതിക്ക് കേന്ദ്ര സർക്കാർ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഏത് കേന്ദ്രപദ്ധതിയിലൂടെയാണ് ധനസഹായം ലഭിച്ചത്; എത്ര തുകയാണ് ലഭിച്ചത്; എത്ര തുക ഇതുവരെ വിനിയോഗിച്ചു എന്നിവ വ്യക്തമാക്കാമോ;

**മറുപടി:** മേൽപ്പറഞ്ഞ പദ്ധതിയ്ക്ക് ധനസഹായം ലഭിച്ചത് സ്മാർട്ട് സിറ്റി ട്രിവാൻഡ്രം ലിമിറ്റഡ് (SCTL) വഴിയാണ്. തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി 86 വീടുകളിൽ ആകെ 339 kWp ശേഷിയുള്ള ഗാർഹിക റൂഫ്ടോപ്പ് സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് മാത്രമാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിച്ചിട്ടുള്ളത്. ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് ₹43,21,649/- (നാൽപത്തിമൂന്ന് ലക്ഷത്തി ഇരുപത്തൊന്നായിരത്തി അറുന്നൂറ്റി നാൽപത്തിയൊൻപത്) സബ്സിഡിയായി ലഭിച്ചു, പ്രസ്തുത തുക 2023-24 സാമ്പത്തിക വർഷത്തിൽ പൂർണമായും വിനിയോഗിച്ചു.

**(ഡി)** തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച തുക എത്രയാണ്; വർഷം തിരിച്ചും ധനസ്രോതസ്സു തിരിച്ചും കണക്ക് ലഭ്യമാക്കാമോ;

**മറുപടി:** തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിയ്ക്കായി 13 പബ്ലിക് ഇ വി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചതിന് ഇത് വരെ ₹7,86,48,114/- **(ഏഴുകോടി എൺപത്താറ് ലക്ഷത്തി നാൽപത്തിയെണ്ണായിരത്തി ഒരുന്നൂറ്റി പതിനാല്)** രൂപയാണ് ചെലവഴിച്ചത്. വർഷം തിരിച്ചും ധനസ്രോതസ്സ് തിരിച്ചുമുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | ധനസ്രോതസ്സ് | ചിലവഴിച്ച തുക |
|---|---|---|---|
| 1 | 2023-24 | SCTL | 66,15,000/- |
| 2 | 2024-25 | SCTL | 3,98,33,149/- |
| 3 | 2025-26 | SCTL | 3,10,36,122/- |
| 4 | 2026-27 | SCTL | 11,63,843/- |
| | | ആകെ | 7,86,48,114/- |

തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ഇതുവരെ ചെലവഴിച്ചതും / വിനിയോഗിച്ചതുമായ തുകയുടെ വർഷം തിരിച്ചും ധനസ്രോതസ്സ് തിരിച്ചുമുള്ള കണക്കുകൾ **അനുബന്ധം ഡി** ആയി ചേർക്കുന്നു.

**(ഇ)** തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി പൊതുകെട്ടിടങ്ങളിലെ റൂഫ്ടോപ്പ് സോളാർ പദ്ധതി പ്രകാരം എത്ര സർക്കാർ/പൊതുമേഖലാ കെട്ടിടങ്ങളിലാണ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ വിഭാവനം ചെയ്തിരുന്നത്; ഓരോ കെട്ടിടത്തിനുമുള്ള ആകെ ലക്ഷ്യസ്ഥാപിതശേഷി എത്ര കിലോവാട്ട് -പീക്ക്/മെഗാവാട്ട് പീക്ക് ആയിരുന്നു; ഇതുവരെ എത്ര സർക്കാർ/പൊതുമേഖലാ കെട്ടിടങ്ങളിൽ റൂഫ്ടോപ്പ് സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്; അവയുടെ ആകെ സ്ഥാപിതശേഷി എത്ര കിലോവാട്ട് -പീക്ക്/മെഗാവാട്ട് പീക്ക് ആണ്; ഇതിനായി ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കാമോ?

**മറുപടി:** സോളാർ സിറ്റി പദ്ധതിക്കായി കേന്ദ്ര സർക്കാർ പ്രത്യേകമായി തുക ഒന്നും അനുവദിച്ചിട്ടില്ല. ഫണ്ട് ലഭ്യത കണക്കാക്കിയുള്ള സധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ 514 സർക്കാർ കെട്ടിടങ്ങളിലായി ആകെ 17 മെഗാ വാട്ട് ശേഷിയുള്ള സൗരോർജ നിലയങ്ങൾ സ്ഥാപിച്ചു. ഇതിൽ 503 കെട്ടിടങ്ങളിലെ സൗരോർജ നിലയങ്ങൾ കമ്മീഷൻ ചെയ്തു, അവയുടെ ആകെ സ്ഥാപിതശേഷി 16.163 മെഗാ വാട്ട് ആണ്. ശേഷിക്കുന്ന 11 കെട്ടിടങ്ങളിൽ പ്രതിഷ്ഠാപനം പൂർത്തിയാക്കി എന്നിരുന്നാലും ഗ്രണഭോക്തൃ സ്ഥാപനങ്ങളിൽ HT/LT വർക്ക് നടക്കുന്നതിനാലും, കെ. എസ്. ഇ. ബി.എൽ-ന്റെ ഭാഗത്തുനിന്നുമുള്ള നെറ്റ് മീറ്ററിംഗ് ഇൻസ്റ്റലേഷൻ പുരോഗമിച്ചു വരുന്നതിനാലും അവ ഇതുവരെ കമ്മീഷൻ ചെയ്തിട്ടില്ല.

പദ്ധതിയുടെ ആകെ അടങ്കൽ തുക 100,90,05,831/- **(നൂറ് കോടി തൊണ്ണൂറ് ലക്ഷത്തി അയ്യായിരത്തി എണ്ണൂറ്റി മുപ്പത്തി ഒന്ന്)** രൂപയാണ്. ഇതിൽ 90,55,42,452/- (തൊണ്ണൂറ് കോടി അമ്പത്തഞ്ച് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി നാനൂറ്റി അമ്പത്തിരണ്ട്) രൂപയാണ് ഇതുവരെ ചെലവഴിച്ച തുക.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം ഡി

| പദ്ധതി | ധനസ്രോതസ്സ് | വർഷം | ചെലവ് (₹) |
|---|---|---|---|
| 514 സർക്കാർ കെട്ടിടങ്ങളിൽ 17 MW സൗരോർജ്ജ നിലയങ്ങൾ | സ്മാർട്ട് സിറ്റി ഫണ്ട് | 2022-23, 2023-24, 2024-25 | 90,55,42,452 /- |
| 86 വീടുകളിലെ 339 kWp റൂഫ്ടോപ്പ് സൗരോർജ്ജ പദ്ധതി | കേന്ദ്ര സർക്കാർ സബ്സിഡി + ഗുണഭോക്തൃ വിഹിതം | 2023-24 | 2,32,98,596/- |
| 18 സൗരോർജ്ജ തെരുവുവിളക്കുകൾ | സംസ്ഥാന പ്ലാൻ ഫണ്ട് | 2023-24 | 20,18,543/- |
| RCC സൗരോർജ്ജ ശീതീകരണ സംവിധാനം | സംസ്ഥാന പ്ലാൻ ഫണ്ട് | 2023-24 | 22,67,445/- |
| ആനയറ വേൾഡ് മാർക്കറ്റ് സൗരോർജ്ജ ശീതീകരണ സംവിധാനം | സംസ്ഥാന പ്ലാൻ ഫണ്ട് | 2023-24 | 22,67,445/- |